# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2479  18.07.2011-ൽ മറുപടിയ്ക്ക്**

**കെ.എൽ.ജി.എസ്.ഡി.പി പ്രകാരമുള്ള ഗ്രാമവികസനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ:<br>ശ്രീ.വി.പി.സജീന്ദ്രൻ:<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ: | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) കെ.എൽ.ജി.എസ്.ഡി.പി അനുസരിച്ച്ഗ്രാമവികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വേൾഡ്ബാങ്ക് ധനസഹായത്തോടെ 2011-12 വർഷം മുതൽ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി)നടപ്പാക്കുന്നു.<br>1.ഇത് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പെർഫോമൻസ് ഗ്രാന്റ് നൽകുന്നു. ഇത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള മൂലധന ആസ്തികളുടെ മെയിന്റനൻസിനും മാത്രമാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിന് നിയുക്തമായ കില, എസ്ഐആർഡി തുടങ്ങിയ സ്ഥാപനങ്ങളുടെ ശാക്തീകരണം.<br>3.ധനകാര്യകമ്മീഷനുകൾക്ക്ആവശ്യമായ പഠനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു വിവര ശേഖരം ലഭ്യമാക്കുകയും അത് കാലാകാലങ്ങളിൽ പുതുക്കാനാവശ്യമായ സ്ഥിരം സംവിധാനം ഡീസെൻട്രലൈസേഷൻ അനാലിസിസ്സെൽവഴി ഏർപ്പെടുത്തുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുക. |
| (ബി) | പ്രസ്തുത പ്രോജക്ട് നടപ്പിലാക്കാൻ ലോകബാങ്കുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | കെ.എൽ.ജി.എസ്.ഡി.പി. പദ്ധതിക്ക് വേണ്ടി 0.75% പലിശയുള്ള 2021 മുതൽ 25 കൊല്ലം കൊണ്ട് തിരിച്ചടക്കേണ്ടുന്ന 200 മില്യൺ യു.എസ്.ഡോളറിന്റെ (920 കോടി രൂപ) വായ്പ കരാറിനാണ് ധാരണാ പത്രം ഒപ്പു വെച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി 260 മില്യൺ യു.എസ്.ഡോളറിന്റെതാണ്. (1196 കോടി രൂപ). ഇതിലെ 60 മില്യൺ യു.എസ്.ഡോളർ (276 കോടി രൂപ) സംസ്ഥാന വിഹിതമാണ്. 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിലെ 978 ഗ്രാമ പഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും ഈ പദ്ധതിയിലൂടെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ആസ്തികളുടെ സൃഷ്ടി, ആസ്തികളുടെ മെയിന്റനൻസ് എന്നിവയ്ക്ക് ആവശ്യമായ ധനസഹായംലഭ്യമാക്കുക, പ്രസ്തുത സ്ഥാപനങ്ങളുടെ കാര്യശേഷി വികസനത്തിന് നിയുക്തമായ കില, എസ്.ഐ.ആർ.ഡി എന്നി സ്ഥാപനങ്ങളുടെ ശാക്തീകരണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവര ശേഖരം പൂർണ്ണമാക്കി ധനകാര്യ കമ്മീഷനുകൾക്കും, ആസൂത്രണ പ്രക്രിയകൾക്കും ആവശ്യമായ പഠനങ്ങൾക്ക് ഉപയുക്തമാക്കുകയും. ചെയ്യുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ